# 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **13-09-2023 - ൽ മറുപടിയ്ക്ക്**

## കെ-സ്റ്റോറുകളിലെ സേവനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കെ-സ്റ്റോറുകളിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (എ) | കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരെഞ്ഞെടുക്കുന്ന റേഷൻ കടകൾ വഴി സിറ്റിസൺ സർവീസ് സെന്റർ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, മിൽമയുടെ സംഭരണ കാലാവധി കൂടുതലുള്ള ഉത്പന്നങ്ങൾ, ഐ.ഒ.സിയുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനമാണ് നിലവിൽ നടന്ന് വരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉത്പന്നങ്ങൾ (96 ഉത്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉത്പന്നങ്ങൾ, Meat Products of India യുടെ ഉത്പന്നങ്ങൾ, മിൽമയുടെ കൂടുതൽ ഉത്പന്നങ്ങൾ എന്നിവ കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ